# വി. യൗസേപ്പിതാവിനോടുള്ള നൊവേന



**കാർമ്മൽഹിൽ ആശ്രമ ദൈവാലയം**

തിരുവനന്തപുരം

# വി. യൗസേപ്പിതാവിനോടുള്ള
# നൊവേന

**കാർമ്മെൽഹിൽ ആശ്രമ ദൈവാലയം**
**തിരുവനന്തപുരം**

For private Circulation only

## ഗാനം

നീതിമാനായ താതാ
മാർ യൗസേപ്പ് പുണ്യതാതാ
മാനവരാദരവാൽ
കീർത്തിക്കും പുണ്യതാതാ

ചോദിപ്പോർക്കെന്തും നല്കി
ആശകൾ തീർത്തിടുന്നു
ഈശോതൻ സ്നേഹതാതാ
കാരുണ്യമേകീടണേ

ആശ്രയം തേടിയങ്ങേ
പാദത്തിൽ വന്നീടുന്ന
ആർത്തരെ കൈവിടാതെ
കാത്തു പാലിക്ക താതാ

## പ്രാർത്ഥന

പു : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സ : ആമ്മേൻ

പു : ദാവീദിന്റെ പുത്രനായ വി. യൗസേപ്പേ, പിതാവായ ദൈവം തന്റെ ഏകപുത്ര നായ ഈശോമിശിഹായെയും അവി ടുത്തെ പരിശുദ്ധ ജനനിയേയും അങ്ങ യുടെ വിശ്വസ്ത പരിപാലനയിൽ ഏല് പിച്ചുവല്ലോ. ദൈവതിരുമനസ്സിനു പരി പൂർണ്ണമായി കീഴ്വഴങ്ങി വിശ്വസ്തത യോടും ധീരതയോടും കൂടി ശ്രേഷ്ഠ മായ ആ കർത്തവ്യം നിർവ്വഹിച്ച അങ്ങ്, പാപികളായ ഞങ്ങളുടെയും പ്രതീക്ഷയും അഭയസ്ഥാനവുമാണല്ലോ.

സ : ഭാഗ്യപ്പെട്ട വി. യൗസേപ്പേ/ഞങ്ങളിതാ അങ്ങേ സന്നിധിയിൽ അണയുന്നു./ മഹാവിരക്തനും/നീതിമാനുമായ അങ്ങയെ/ഞങ്ങൾ വണങ്ങുന്നു./ അ ങ്ങേ വളർത്തു കുമാരനായ ദിവ്യരക്ഷ കനിലൂടെയും/ദൈവമാതാവായ/ അമ

ലോത്ഭവകന്യകയിലൂടെയും/അങ്ങേയ്ക്ക് സിദ്ധിച്ചിരിക്കുന്ന/എല്ലാ മഹത്വങ്ങൾക്കും വേണ്ടി/ഞങ്ങൾ ദൈവത്തിന്/കൃതജ്ഞതയർപ്പിക്കുന്നു./അങ്ങയോടുള്ള സ്നേഹത്തിൽ ഉറച്ചുനിന്നുകൊണ്ട്/അങ്ങേ വിശിഷ്ട മാതൃക/ജീവിതത്തിൽ പകർത്തുവാനും/അങ്ങനെ മറ്റുള്ളവരെയും/രക്ഷയുടെ പാതയിലേക്ക് ആനയിക്കുവാനും/ഞങ്ങളുടെ/സകല കഴിവുകളോടും കൂടി/പരിശ്രമിക്കുമെന്ന്/ഇതാ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

പു : പരമപിതാവിന് ഏറ്റവും പ്രിയങ്കരനായ വി. യൗസേപ്പേ, ഞങ്ങൾക്കായ് മാധ്യസ്ഥം വഹിക്കണമേ. ഞങ്ങളുടെ കുടുംബങ്ങളെ പരിരക്ഷിക്കണമേ. ദാമ്പത്യജീവിതത്തിലെ ചുമതലകൾ വിശ്വസ്തതയോടെ നിറവേറ്റാൻ ഞങ്ങളെ സഹായിക്കണമേ. ക്ലേശങ്ങളിൽ സമചിത്തതയും സംശയ

ങ്ങളിൽ വിവേകവും പ്രലോഭനങ്ങളിൽ വിജയവും നല്കി ഞങ്ങളെ ആശ്വസിപ്പിക്കണമേ.

സ : മഹാത്മാവായ വി. യൗസേപ്പേ,/മക്കളായ ഞങ്ങൾ/അങ്ങയുടെ പവിത്രനാമം വിളിച്ചപേക്ഷിക്കുന്നു./ സുകൃതങ്ങൾ നിറഞ്ഞ/അങ്ങയുടെ ജീവിതമാതൃക/പിന്തുടർന്നുകൊണ്ട്/അങ്ങയുടെ മഹത്വത്തിനും/സ്വർഗ്ഗീയ മാദ്ധ്യസ്ഥത്തിനും സാക്ഷ്യം വഹിക്കുവാൻ/ഞങ്ങൾക്കു ആത്മധൈര്യം തരേണമേ./ ജീവിച്ചിരിക്കുന്നവരുടെ പ്രത്യാശയും/മരിക്കുന്നവരുടെ ആശ്വാസവും/അങ്ങ് ആകുന്നു./ നൽമരണമദ്ധ്യസ്ഥനായ/അങ്ങയുടെ പാവനനാമം/എല്ലായ്പ്പോഴും പ്രത്യേകിച്ചു/മരണസമയത്തും/ഞങ്ങളുടെ അധരങ്ങളിൽ ഉണ്ടായിരിക്കട്ടെ.

# പ്രാർത്ഥനകൾ

പു : നമുക്കു പ്രാർത്ഥിക്കാം.

പരിശുദ്ധ പിതാവ്............ മാർപ്പാപ്പയ്ക്കും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ........ മെത്രാനും മറ്റെല്ലാ മെത്രാന്മാർക്കും, സന്യാസിനീസന്യാസികൾക്കും എല്ലാ വിശ്വാസികൾക്കും ഞങ്ങളുടെ മാതൃഭൂമിയ്ക്കും, ഭരണാധിപന്മാർക്കും സമസ്ത ജനങ്ങൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : ഈ നവനാളിൽ ഇവിടെ അണഞ്ഞിട്ടുള്ള എല്ലാ ഭക്തജനങ്ങളുടെയും പ്രത്യേക നിയോഗങ്ങൾക്ക് തുണയും മാർഗ്ഗദർശനവും നല്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : ഈ നവനാളിൽ സംബന്ധിക്കുന്ന യുവ തീയുവാക്കൾ വിശുദ്ധിയിൽ സ്ഥിരമായി ജീവിച്ച് അവരുടെ ജീവിതാന്തസ്സ് തിര ഞ്ഞെടുക്കുവാനും അതു വിശ്വസ്തത യോടെ പരിപാലിക്കുവാനും അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർ ത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : തീരാവ്യാധികൾമൂലം നിരാശരായി ഈ ദൈവാലയത്തിൽ അഭയം തേടിയിരി ക്കുന്ന എല്ലാവർക്കും ആരോഗ്യവും സ്വ സ്ഥതയും നല്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : തൊഴിലില്ലാതെ വലയുന്നവർക്ക് സ്ഥിരമായ ജോലിയും അത് സത്യസന്ധമായി നിർവ്വഹിക്കാനുള്ള മനസ്സും ശേഷിയും നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : ഞങ്ങളിൽ നിന്നും വേർപിരിഞ്ഞുപോയ എല്ലാ വിശ്വാസികളുടെയും ആത്മാക്കൾക്ക് നിത്യവിശ്രമം നല്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സ : ദൈവമേ, വി. യൗസേപ്പിതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

പു : (നിശ്ശബ്ദരായി നമ്മുടെ വ്യക്തിപരമായ അർത്ഥനകൾ വിശുദ്ധ യൗസേപ്പിതാവുവഴി നമുക്ക് ദൈവതിരുമുമ്പിൽ സമർപ്പിക്കാം.)

## രോഗികൾക്കുള്ള ആശീർവ്വാദം

പു : നമ്മുടെ സഹായം കർത്താവിന്റെ നാമത്തിൽ.

സ : ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിൽ.

പു : കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ.

സ : എന്റെ നിലവിളി അങ്ങേ പക്കൽ എത്തുകയും ചെയ്യട്ടെ

പു : കർത്താവു നിങ്ങളോടു കൂടെ.

സ : അങ്ങേ ആത്മാവോടും കൂടെ.

പു : നമുക്കു പ്രാർത്ഥിക്കാം.

സർവ്വശക്തനായ ദൈവമേ, ശാരീരികാസ്വാസ്ഥ്യം മൂലം ക്ലേശിക്കുന്ന അങ്ങയുടെ മക്കളെ തൃക്കൺപാർക്കണമേ. ഞങ്ങളുടെ പീഡകളും സഹനങ്ങളും വഴി ഞങ്ങൾ കൂടുതൽ പവിത്രീകൃത

രാകുവാനും, അങ്ങേ കാരുണ്യത്താൽ വേഗം രോഗവിമുക്തരാകുവാനും, അനുഗ്രഹിക്കണമേ. ഈ അനുഗ്രഹങ്ങൾ അങ്ങേ തിരുക്കുമാരന്റെ വളർത്തുപിതാവും ഞങ്ങളുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പുവഴി ഞങ്ങൾക്ക് നൽകണമേ.

സ : ആമ്മേൻ

## കൃതജ്ഞതാ സമർപ്പണം

പു : രക്ഷണീയ കർമ്മത്തിലൂടെ അങ്ങു ഞങ്ങളോട് പ്രദർശിപ്പിച്ച അനന്തസ്നേഹത്തിന് ദൈവമേ, അങ്ങു ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

സ : ഞങ്ങളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവുവഴി ദൈവമേ, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

പു : കൂദാശകൾ വഴി ഞങ്ങളിൽ അനുസ്യൂതം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന പ്രസാദ

വരങ്ങൾക്ക് ദൈവമേ, അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

സ : ഞങ്ങളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവുവഴി ദൈവമേ, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

പു : ഈ പ്രാർത്ഥനയിൽ സംബന്ധിക്കുന്ന സകല ജനങ്ങൾക്കും അങ്ങു നല്കിയിരിക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും ദൈവമേ അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

സ : ഞങ്ങളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവുവഴി ദൈവമേ, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു.

1 സ്വർഗ്ഗ... 1 നന്മ... 1 ത്രി...

# പ്രാർത്ഥന

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ,/ ഞങ്ങളുടെ അനർത്ഥങ്ങളിൽ/ അങ്ങേപ്പക്കൽ ഓടിവന്ന്/ അങ്ങേ പരിശുദ്ധ ഭാര്യയോടു/ സഹായം അപേക്ഷിച്ചതിനുശേഷം/ അങ്ങേ മദ്ധ്യസ്ഥതയെയും/ ഞങ്ങളിപ്പോൾ മനോശരണത്തോടുകൂടെ യാചിക്കുന്നു/ ദൈവജനനിയായ/ അമലോത്ഭവ കന്യകയോട്/ അങ്ങയെ ഒന്നിപ്പിച്ച/ ദിവ്യസ്നേഹത്തെക്കുറിച്ചും/ ഉണ്ണീശോയെ/ അങ്ങ് ആലിംഗനം ചെയ്ത/ അങ്ങേ പൈതൃകമായ സ്നേഹത്തെക്കുറിച്ചും/ഈശോമിശിഹാ/ തന്റെ തിരുരക്തത്താൽ/ നേടിയ അവകാശത്തിന്മേൽ/ കൃപയോടെ നോക്കണമെന്നും/അങ്ങേ ശക്തിയാലും മഹത്വത്താലും/ ഞങ്ങളുടെ ആവശ്യങ്ങളിൽ/ ഞങ്ങളെ സഹായിക്കണമെന്നും,/ സവിനയം അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. തിരുക്കുടുംബത്തിന്റെ/ എത്രയും വിവേകമുള്ള സംരക്ഷകനേ,/ ഈശോമിശിഹായുടെ/ തിരഞ്ഞെടുക്ക

പ്പെട്ട ജനത്തെ/ ആദരിക്കണമേ/ എത്രയും സ്നേഹമുള്ള പിതാവേ,/ അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും/ കറകളൊക്കെയിൽനിന്നും/ ഞങ്ങളെ കാത്തുരക്ഷിക്കണമേ./ ഞങ്ങളുടെ എത്രയും വല്ലഭനായ പാലകാ!/ അന്ധകാരശക്തികളോട് ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ/ സ്വർഗ്ഗത്തിൽ നിന്ന്/ ഞങ്ങളെ കൃപയോടെ സഹായിക്കണമേ. അങ്ങുന്ന് ഒരിക്കൽ/ ഉണ്ണീശോയെ/ മരണകരമായ അപകടത്തിൽ നിന്ന്/ രക്ഷിച്ചതുപോലെ/ ഇപ്പോൾ ദൈവത്തിന്റെ തിരുസഭയെ/ ശത്രുവിന്റെ കെണിയിൽ നിന്നും/ എല്ലാ ആപത്തുകളിൽ നിന്നും/ കാത്തുകൊള്ളണമേ./ ഞങ്ങൾ അങ്ങേ/ മാതൃകയെ അനുകരിച്ച്/ അങ്ങേ സഹായത്താൽ ബലം പ്രാപിച്ച്/ പുണ്യജീവിതം കഴിക്കുവാനും/ നല്ല മരണം പ്രാപിച്ച്/ സ്വർഗ്ഗത്തിൽ നിത്യഭാഗ്യം പ്രാപിക്കുവാനും തക്കവണ്ണം/ അങ്ങേ മദ്ധ്യസ്ഥതയിൽ/

ഞങ്ങളെല്ലാവരെയും/ എല്ലായ്പോഴും കാത്തു കൊള്ളണമേ./

ആമ്മേൻ.

## ആശീർവാദം

പു : കർത്താവ് നിങ്ങളോടുകൂടെ

സ : അങ്ങേ ആത്മാവോടുംകൂടെ

പു : സർവ്വശക്തനായ ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

സ : ആമ്മേൻ

## ഗാനം 1

യൗസേപ്പിതാവേ പാലകനേ
അണയുന്നു നിൻ തിരുസവിധേ-
തുണയാകണേ തണലേകണേ
നീതിമാനാകും പിതാവേ

ഘോരമായ പീഡകളിൽ
ജീവനാശ ഭീതികളിൽ
യേശുനാഥന് താതനായി
കൂടെ നിന്നവനേ

എന്റെ ജീവിത പാതകളിൽ
കൂട്ടായ് നീ വരണേ
എന്റെ ജീവിത ക്ലേശങ്ങളിൽ
താങ്ങായി നീ വരണേ

## ഗാനം 2

നിത്യവിരക്തനാം മാർയൗസേപ്പേ അങ്ങേ
പാടിപ്പുകഴ്ത്തുന്നു ഞങ്ങൾ
കന്യകാമേരി തൻ നിർമ്മല കാന്തനെ
പാപികൾ ഞങ്ങൾ വിളിക്കുന്നു

ഉണ്ണിമിശിഹായെ മന്നിൽ വളർത്തിയ
പുണ്യപിതാവു നീയല്ലോ
പാപികളാകുമീ നിൻ തനയർക്ക്
മന്നിതിൽ ആശ്രയം നീയേ എന്നും
മന്നിതിൽ ആശ്രയം നീയേ

# അനുബന്ധം

## വി. യൗസേപ്പിതാവിന്റെ വർഷത്തിൽ

## പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

"പൂർണ്ണ ദണ്ഡവിമോചനം" പ്രാപിക്കുന്നതിന് സ്ഥിരമായ ഉപാധികളായ കുമ്പസാരമെന്ന കൂദാശയുടെ സ്വീകരണം, ദിവ്യകാരുണ്യ സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർത്ഥന എന്നിവകളിലൂടെ വിശ്വാസികൾ മാർ യൗസേപ്പ് വർഷത്തിൽ പങ്കെടുക്കുകയും, പാപരഹിതമായ ആത്മാവോടെ, ദണ്ഡവിമോചനത്തിനായി നിശ്ചയിച്ചിട്ടുള്ള അവസരങ്ങളിൽ അപ്പസ്തോലിക് പെനിറ്റൻഷ്യറി നിർദേശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

1. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയെക്കുറിച്ച് അരമണിക്കൂർ എങ്കിലും ധ്യാനിക്കുന്നവർക്കും മാർ യൗസേപ്പിനെ

ക്കുറിച്ചു കൂടിയുള്ള ചിന്തകൾ ഉൾക്കൊള്ളുന്ന ഒരു ദിവസത്തെ എങ്കിലും ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കും പൂർണ്ണ ദണ്ഡവിമോചനം കൊടുക്കുന്നതാണ്.

2. മാർ യൗസേപ്പ് അഭ്യസിച്ചിരുന്ന നീതി എന്ന പുണ്യം, ദൈവിക നിയമത്തോടുള്ള, 'യഥാർത്ഥ നീതിയെ സാക്ഷാത്കാരത്തിൽ എത്തിക്കുന്നത് ദൈവത്തിന്റെ കാരുണ്യമായതിനാൽ'' കാരുണ്യത്തിന്റെ നിയമത്തോടുള്ള സമ്പൂർണ്ണമായ വിധേയത്വത്തിന്റെ നല്ല മാതൃകയാണ്. അതുകൊണ്ട് യൗസേപ്പ് പിതാവിനെ അനുകരിച്ച് ആത്മീയമോ ഭൗതികമോ ആയ ഒരു കാരുണ്യ പ്രവൃത്തി ചെയ്യുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം എന്ന കൃപ നേടാനാവും.

3. എല്ലാ ക്രൈസ്തവ കുടുംബങ്ങളും തിരുക്കുടുംബത്തെപ്പോലെ ആഴമായ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രാർത്ഥന

യുടെയും അന്തരീക്ഷം സംജാതമാക്കുന്നതിനായി കുടുംബങ്ങളും വിവാഹനിശ്ചയം നടത്തപ്പെട്ടവരും ചേർന്നു നടത്തുന്ന ജപമാല പ്രാർത്ഥനയിലൂടെ പൂർണ്ണ ദണ്ഡവിമോചനം നേടാനാവും.

4. മാർ യൗസേപ്പിന്റെ സംരക്ഷണത്തിന് അനുദിനം തങ്ങളുടെ ജീവിതം പ്രതിഷ്ഠിക്കുന്നവർക്കും, തൊഴിൽ തേടുന്നവർക്കെല്ലാം നല്ല തൊഴിൽ കിട്ടുന്നതിനും എല്ലാവരുടെയും തൊഴിൽ കൂടുതൽ അന്തസുറ്റതാകുന്നതിനുംവേണ്ടി നസറത്തിലെ തച്ചന്റെ മാധ്യസ്ഥം പ്രാർത്ഥിക്കുന്നവർക്കും സമ്പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

5. അകത്തുനിന്നും (ad intra) പുറത്തു നിന്നും (ad extra) പീഡിപ്പിക്കപ്പെടുന്ന സഭയ്ക്കുവേണ്ടിയോ ഏതെങ്കിലും തരത്തിലുള്ള പീഡനം അനുഭവിക്കുന്ന ക്രൈസ്തവരുടെ ആശ്വാസത്തിനായോ മാർ യൗസേപ്പിന്റെ

ലുത്തിനിയയോ (ലത്തീൻ ക്രമത്തിൽ) മാർ യൗസേപ്പിനോടുള്ള അക്കാസ്തിത്തോസ് പൂർണ്ണമായോ ഭാഗികമായോ (ബൈസന്റെൻ ക്രമത്തിൽ) അല്ലെങ്കിൽ ആരാധനക്രമപാരമ്പര്യം അനുസരിച്ച് മാർ യൗസേപ്പിനോടുള്ള ഏതെങ്കിലും പ്രാർത്ഥനയോ ചൊല്ലുന്നവർക്ക് സമ്പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

6. പ്രത്യേക അവസരങ്ങളായ മാർച്ച് 19 മെയ് 1-ന് യേശുവും മാതാവും യൗസേപ്പു പിതാവും ചേർന്ന തിരുക്കുടുംബത്തിന്റെ തിരുനാൾദിനം, എല്ലാ മാസത്തിലെയും 19-ാം തീയതി, ലത്തീൻ ക്രമമനുസരിച്ച് വിശുദ്ധനുവേണ്ടി പ്രതിഷ്ഠിച്ചിരിക്കുന്ന ദിനമായ ബുധനാഴ്ചകൾ യൗസേപ്പ് പിതാവിന്റെ സ്തുതിക്കായി ''ഭാഗ്യപ്പെട്ട മാർ യൗസേപ്പേ അങ്ങേപ്പക്കൽ വരുന്നു'' എന്ന പ്രാർത്ഥനപോലെ സഭ അംഗീകരിച്ച

ഏതെങ്കിലും ഒരു പ്രാർത്ഥന ചൊല്ലുകയോ ഭക്തകൃത്യം അനുഷ്ഠിക്കുകയോ ചെയ്യുന്നവർക്ക് സമ്പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

7. ആരോഗ്യ അടിയന്തരാവസ്ഥയുടെ ഇക്കാലത്തെ പ്രത്യേക സാഹചര്യത്തിൽ വയോധികർ, രോഗികൾ, ബുദ്ധിമുട്ടുന്നവർ, നൈയാമിക കാരണങ്ങളാൽ വീടിനു പുറത്തു പോകാൻ കഴിയാത്തവർ എന്നിവർക്ക് സമ്പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിന് ഏറെ സാദ്ധ്യത ഉണ്ടായിരിക്കും. ആത്മാവിനെ പാപങ്ങളിൽനിന്നും അകറ്റി, നിർബന്ധിത ഉപാധികൾ എത്രയും വേഗം പൂർത്തീകരിക്കാം എന്ന തീരുമാനത്തോടെ ഭവനത്തിൽവച്ചോ അവർ വേർപ്പെട്ടു കഴിയുന്ന സ്ഥലത്തുവച്ചോ, രോഗികളുടെ ആരോഗ്യവും നല്ല മരണത്തിന്റെ മധ്യസ്ഥ

നുമായ മാർ യൗസേപ്പിന്റെ സ്തുതിക്കായി ഒരു ഭക്തകൃത്യം നിർവഹിച്ചാൽ, തങ്ങളുടെ സഹനങ്ങളെയും ജീവിത ക്ലേശങ്ങളെയും വിശ്വസ്തതയോടെ ദൈവത്തിന് കാഴ്ചവച്ചാൽ സമ്പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

## ഫ്രാൻസിസ് മാർപാപ്പയുടെ വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

രക്ഷകനായ മിശിഹായുടെ സംരക്ഷകനും കന്യകാമറിയത്തിന്റെ വിരക്ത ഭർത്താവുമായവനേ സ്വസ്തി! നിന്നെയാണ് ദൈവം തന്റെ പുത്രനെ ഭരമേല്പിച്ചത്. നിന്നിലാണ് മറിയം തന്റെ വിശ്വാസമർപ്പിച്ചത്. നിന്നോടൊപ്പമാണ് ക്രിസ്തു മനുഷ്യനായി ജീവിച്ചത്.

ഓ! ഭാഗ്യപ്പെട്ട യൗസേപ്പേ, ഞങ്ങളോടും പിതാവായി വർത്തിക്കണമേ, ജീവിത വഴിയിൽ

ഞങ്ങളെ നയിക്കണമേ, കൃപയും കാരുണ്യവും ധൈര്യവും ഞങ്ങൾക്കായി നേടിത്തരേണമേ.

എല്ലാ തിന്മകളിൽ നിന്നും ഞങ്ങളെ കാത്തു കൊള്ളണമേ, ആമ്മേൻ.

## വി. യൗസേപ്പിതാവിന്റെ ലുത്തനിയാ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ അനുഗ്രഹിക്കണമേ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ

ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ

ഞങ്ങളെ അനുഗ്രഹിക്കണമേ

പരി. ആത്മാവായ ദൈവമേ

ഏകസ്വരൂപനായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ

പരിശുദ്ധ മറിയമേ,

ദാവീദിന്റെ പുത്രനായ വി. യൗസേപ്പേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ വിരക്ത ഭർത്താവായ വി. യൗസേപ്പേ,

നന്മകളിൽ സ്ഥിരപ്പെട്ട വി. യൗസേപ്പേ,

പരിശുദ്ധാത്മാവാൽ പൂരിതനായ വി. യൗസേപ്പേ,

പൂർവ്വപിതാക്കന്മാർക്ക് മകുടമായ വി. യൗസേപ്പേ,

വാക്കിലടങ്ങാത്ത കൃപകളാൽ അലങ്കരിക്കപ്പെട്ട വി. യൗസേപ്പേ,

ഈശോയുടെ മനുഷ്യാവതാരത്തെ ദൈവദൂതനാൽ അറിയിക്കപ്പെട്ടവനായ വി. യൗസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ഈശോമിശിഹായുടെ പിതാവെന്ന നാമധേയത്താൽ വിളിക്കപ്പെട്ട വി. യൗസേപ്പേ,

ഈ മഹിമയുള്ള സ്ഥാനത്തിനായി അധികമായ പ്രസാദവരങ്ങളാൽ അലങ്കരിക്കപ്പെട്ട വി. യൗസേപ്പേ,

പരിശുദ്ധ മാതാവിന് എപ്പോഴും തുണയായിരുന്ന വി. യൗസേപ്പേ,

ഈശോമിശിഹായുടെ ദിവ്യരഹസ്യങ്ങൾക്ക് വിശ്വസ്തസാക്ഷിയായി തീർന്ന വി. യൗസേപ്പേ,

പരിശുദ്ധ മാതാവിനുശേഷം ആദ്യമായി ഈശോയെ വന്ദിച്ച വി. യൗസേപ്പേ,

കർത്താവിനെ സ്തുതിച്ചുകൊണ്ടുള്ള ദൈവദൂതന്മാരുടെ ഗീതികൾ കേട്ട വി. യൗസേപ്പേ,

ഈശോ എന്ന തിരുനാമം വിളിച്ച വി. യൗസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

പരിശുദ്ധ മാതാവിനോടുകൂടെ ദേവാലയത്തിൽ ഈശോയെ കാഴ്ചവച്ച വി. യൗസേപ്പേ,

പരിശുദ്ധ മാതാവിനെയും തിരുക്കുമാരനെയും പോറ്റി വളർത്തിയ വി. യൗസേപ്പേ,

പരലോകരാജാവിന്റെയും രാജ്ഞിയുടെയും ശുശ്രൂഷ കൈക്കൊള്ളാൻ ഭാഗ്യം ലഭിച്ച വി. യൗസേപ്പേ,

കൈകളിലും മടിയിലും കർത്താവിനെ വഹിച്ച വി. യൗസേപ്പേ,

പരിശുദ്ധ കന്യകയെന്ന നിക്ഷേപത്തെ കാത്തു സംരക്ഷിച്ച വി. യൗസേപ്പേ,

ഈ ലോകത്തിൽ ഒരു സ്വർഗ്ഗവാസിയെപ്പോലെ ജീവിച്ച വി. യൗസേപ്പേ,

ആത്മാവിലും ശരീരത്തിലും നിർമ്മല വിരക്തനായിരുന്ന വി. യൗസേപ്പേ,

വചനങ്ങളാലും പ്രവൃത്തികളാലും സദാ സുകൃതപ്രവൃത്തികളെ പഠിപ്പിച്ച വി. യൗസേപ്പേ,

ഈശോമിശിഹായുടെ പീഡാനുഭവങ്ങളിലും ദൈവമാതാവിന്റെ വ്യാകുലതകളിലും മനസ്സലിഞ്ഞ് വ്യസനമനുഭവിച്ചതിനാൽ ആത്മീയ രക്തസാക്ഷിയായിത്തീർന്ന വി. യൗസേപ്പേ,

ഈശോമിശിഹായെയും അവിടുത്തെ മാതാവിനെയും അടുത്തനുകരിച്ച വി. യൗസേപ്പേ,

പരിശുദ്ധ മാതാവ് കഴിഞ്ഞാൽ ഈശോയുടെ സ്നേഹത്തെ അധികമായി അനുഭവിച്ച വി. യൗസേപ്പേ,

മഹിമയുള്ള സന്തോഷങ്ങളാൽ ആനന്ദപൂർത്തി സിദ്ധിച്ച വി. യൗസേപ്പേ,

ഈശോയുടെ തൃക്കൈകളിൽ മരണം പ്രാപിച്ച വി. യൗസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ഈശോമിശിഹായോടുകൂടെ ഭാഗ്യമാം വണ്ണം ഉയിർത്തെഴുന്നള്ളിയ വി. യൗസേപ്പേ,

ഈശോയുടെയും ദൈവമാതാവിന്റെയും മുമ്പിൽ ഞങ്ങൾക്കുവേണ്ടി ഏറ്റവും ഫലസിദ്ധിയുള്ള പ്രാർത്ഥനകളെ സമർപ്പിക്കുന്ന വി. യൗസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

## പ്രാർത്ഥിക്കാം

ഓ! കർത്താവേ, അങ്ങേ പരിശുദ്ധ മാതാവിന്റെ വിരക്തപതിയായ വി. യൗസേപ്പിന്റെ യോഗ്യതകൾ ഞങ്ങളെ സഹായിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങൾക്ക് അർഹതയില്ലാത്ത കൃപകൾ വി. യൗസേപ്പിന്റെ മദ്ധ്യസ്ഥത്താൽ ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. എന്നെന്നും ജീവിക്കുയും വാഴുകയും ചെയ്യുന്ന അങ്ങ് ഞങ്ങളുടെ യാചന കേട്ടരുളേണമേ. ആമ്മേൻ.

## നന്മമരണത്തിനായി
## വി. യൗസേപ്പിനോടുള്ള ജപം

മരിക്കുന്നവർക്ക് ഉറപ്പുള്ള തുണയായിരിക്കുന്ന വി. യൗസേപ്പേ, അങ്ങേ വലതുഭാഗത്തു അങ്ങ് വളർത്തിയ ദൈവകുമാരനായ ഈശോ മിശിഹായും, ഇടതുഭാഗത്ത് അങ്ങ് വിവാഹം ചെയ്ത സ്നേഹഭാര്യയായ ദൈവമാതാവും,

ആശ്വാസപ്രദമായ വചനങ്ങളെ ചൊല്ലിക്കൊണ്ടിരിക്കയിൽ, വലിയ സന്തോഷത്തോടുകൂടെ അങ്ങു മരണം പ്രാപിച്ചുവല്ലോ. ഇതിനെ അറിഞ്ഞുകൊണ്ട് അങ്ങയെ വണങ്ങുന്ന ഞങ്ങളെയും ഇപ്പോഴും മരണനേരത്തും പാപത്തിൽ നിന്നും കാത്തുരക്ഷിച്ച്, ദേഹത്തെ വിട്ട് ആത്മാവു പിരിയുന്ന നേരത്തിൽ, ഈശോമിശിഹായും പരിശുദ്ധ ദൈവമാതാവും അങ്ങയോടുകൂടെ ഒരുമിച്ചുവന്ന്, ഞങ്ങളുടെ ആത്മാക്കളെ കൈക്കൊള്ളുവാൻ അനുഗ്രഹം തരണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
ആമ്മേൻ.

## വിരക്തി എന്ന പുണ്യം ലഭിക്കാൻ

ബ്രഹ്മചാരികളുടെയും കന്യകകളുടെയും കാവൽക്കാരനും പിതാവുമായ വി. യൗസേപ്പേ! കുറ്റമില്ലായ്മ തന്നെയായിരിക്കുന്ന ഈശോ

മിശിഹായും, കന്യകൾക്കു മകുടമായിരിക്കുന്ന നിർമ്മല കന്യാമറിയവും, അങ്ങേ വിശ്വസ്ത സൂക്ഷത്തിന് ഏല്പിക്കപ്പെട്ടുവല്ലോ. ഈശോ മറിയം എന്ന എത്രയും പ്രിയപ്പെട്ട പണയത്തെ പ്രതി അങ്ങയോട് ഞാൻ പ്രാർത്ഥിച്ചപേക്ഷി ക്കുന്നതെന്തെന്നാൽ എല്ലാവിധ അശുദ്ധിയിൽ നിന്നും എന്നെ കാത്ത് ശുദ്ധ ഹൃദയത്തോടും നിർമ്മലശരീരത്തോടും കറകൂടാത്ത ആത്മാ വോടുംകൂടെ ഈശോമിശിഹായ്ക്കും മറിയ ത്തിനും, എപ്പോഴും എത്രയും ശുദ്ധമായ ശുശ്രൂഷ ചെയ്യുവാൻ എനിക്കു കൃപ നേടി തരണമേ ആമ്മേൻ.

## ദമ്പതിമാരുടെ പ്രാർത്ഥന

ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ വിവാഹബന്ധത്തിൽ സംയോജിപ്പിക്കപ്പെട്ട വി. യൗസേപ്പേ, പരിശുദ്ധ കന്യകാമ്പികേ, നിങ്ങൾ സദാ സ്നേഹിച്ചും, ശുശ്രൂഷിച്ചും,

സഹകരിച്ചും, ക്ഷമിച്ചും, സഹിച്ചും, പ്രാർത്ഥി ച്ചും, വേലചെയ്തും പരിപൂർണ്ണവിരക്തരായി ജീവിച്ചുവല്ലോ. വിവാഹിതരായ ഞങ്ങളും നി ങ്ങളെപ്പോലെ പരിശുദ്ധമായ ഒരു കുടുംബ ജീവിതം നയിച്ച് നല്ല മരണം പ്രാപിച്ച്, സ്വർഗ്ഗ ത്തിൽ എത്തുവാൻ ഇടയാക്കണമേ.

വിവാഹബന്ധത്തിൽ ഞങ്ങളെ സംയോ ജിപ്പിച്ച ദൈവമേ, ഞങ്ങൾക്കു എപ്പോഴും സ്നേഹവും, സമാധാനവും, സന്തോഷവും, ശരീരസൗഖ്യവും, ദീർഘായുസ്സും നല്ക ണമേ, ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വസ്തുതി



"വി. യൗസേപ്പിന് നമ്മുടെ
എല്ലാ കാര്യങ്ങളിലും
എല്ലാ ആവശ്യങ്ങളിലും
എല്ലാ സംരംഭങ്ങളിലും
നമ്മെ സഹായിക്കാനുള്ള
ശക്തിയുണ്ട്."

**വി. തോമസ് അക്വിനാസ്**



"എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുവാൻ, ഗുരുവിനെ
ലഭിച്ചിട്ടില്ലാത്തവർ, വി. യൗസേപ്പിതാവിനെ ഗുരുവായി സ്വീകരിക്കട്ടെ.
എന്നാൽ അവർക്ക് വഴിതെറ്റി പോവുകയില്ല".

വി. അമ്മത്രേസ്യ